## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സെക്രട്ടറിമാരുടേയും മന്ത്രിമാരുടേയും വിദേശ യാത്ര

1 [766] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് സെക്രട്ടറിമാരുൾപ്പെടെ ഐ.എ.എസ്. ഉദ്യോഗസ്ഥരായ ആരെല്ലാം എത്ര തവണ ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും ഓരോ യാത്രയുടെയും ഉദ്ദേശം എന്തായിരുന്നു എന്നും എന്ത് തുക വീതം ഓരോ ഐ.എ.എസ്. ഓഫീസറും വിദേശ യാത്രയ്ക്കായി ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും യാത്രയ്ക്ക് അഡ്വാൻസ് കൈപ്പറ്റിയവർ ആരെങ്കിലും തിരിച്ചടയ്ക്കാതിരുന്നിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുൻസർക്കാരിലേയും ഈ സർക്കാരിലേയും ഏതെല്ലാം മന്ത്രിമാർ എത്ര തവണ ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി ; ഇതിനായി ഓരോരുത്തരും ഖജനാവിൽ നിന്നും ചെലവഴിച്ച മൊത്തം തുക വിശദമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

### ആശ്രിത നിയമനം

2 [768] ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
„ തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ഇപ്പോൾ എത്ര വർഷത്തിനുള്ളിൽ നിയമനം നൽകാൻ കഴിയുന്നുണ്ട് ;

(ബി) ഇങ്ങനെ നിയമനം നൽകുന്നതിൽ ഓരോ ഡിപ്പാർട്ട്മെന്റിലും നേരിടുന്ന കാലയളവുകൾ വ്യത്യസ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആരോഗ്യം, റവന്യൂ, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളിലും വിദ്യാഭ്യാസം, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളിലും നിയമനം ലഭിക്കുന്നതിന് വർഷങ്ങളുടെ വ്യത്യാസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എല്ലാ വകുപ്പിലേയും ആശ്രിത നിയമനം ഒരു വകുപ്പിന്റെ കീഴിലായി കാലവിളംബം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉദ്ദേശം അഞ്ച് വർഷത്തിനുള്ളിൽ നിയമനം നൽകാൻ കഴിയുന്നുണ്ട്.

---

767-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

GPM. 2/152/2013—6

LIBRARY ARCHIVES Kerala Legislative Assembly